LIBRARY ARCHIVES Kerala Legislative Assembly

പെരുന്തേനരുവി വൈദ്യുത പദ്ധതി

148 (5553) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുന്തേനരുവി വൈദ്യുതി ഉൽപ്പാദന പദ്ധതി നടപ്പാക്കുവാൻ സർക്കാർ എന്താക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കൃഷിഭൂമിക്ക് നഷ്ടപരിഹാരം നൽകൽ, വനഭൂമിക്ക് പകരം ഭൂമി, തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ ;

(സി) പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് നടപടി പൂർത്തിയാകും ;

(ഡി) ഈ വർഷംതന്നെ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പെരുന്തേനരുവി ജലവൈദ്യുത പദ്ധതി (6 മെഗാവാട്ട്) യുടെ സിവിൽ ജോലികളുടെ ടെൻഡർ 23-11-2009-ൽ ക്ഷണിച്ചിട്ടുണ്ട്. പ്രീകാളിഫിക്കേഷൻ നടപടികൾ പൂർത്തിയായി. പ്രൈസ് ബിഡ് 21-7-2010-ൽ ഓപ്പൺ ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടികൾ ദ്രുതഗതിയിൽ നടക്കുന്നു.

(ബി) കൃഷിഭൂമിക്ക് നഷ്ടപരിഹാരം നൽകി കർഷകരിൽ നിന്നും ഭൂമി ഏറ്റെടുക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നു. വനഭൂമിക്ക് പകരം നൽകാനുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലാണ് ഭൂമി ഇതിനായി കണ്ടെത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ച് അനന്തര നടപടികൾ കോഴിക്കോട് കളക്ടറേറ്റിൽ പുരോഗമിക്കുന്നു.

(സി) പദ്ധതിയുടെ സിവിൽ ജോലികളുടെ ടെൻഡർ 23-11-2009-ൽ ക്ഷണിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. പ്രീകാളിഫിക്കേഷൻ നടപടികൾ പൂർത്തിയായി. പ്രൈസ് ബിഡ് 21-7-2010-ൽ ഓപ്പൺ ചെയ്തു. ടെൻഡർ നടപടികൾ ആഗസ്റ്റ് മാസത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) ഈ വർഷം തന്നെ പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.